# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 41/2021 (ചൊവ്വാഴ്ച)** **തീയ്യതി:25.05.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 26.05.2021 | 27.05.2021 | 28.05.2021 | 29.05.2021 | 30.05.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 12 | 4 | 6 | 8 | 15 |
| ഉയർന്ന താപനില (°C) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 84 | 84 | 84 | 84 | 84 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 7 | 6 | 10 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 200 | 230 | 230 | 200 |
| മേഘവ്യാപ്തി (ഒക്ട) | 6 | 4 | 2 | 3 | 6 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ ചാറ്റൽ മഴയ്ക്ക് സാധ്യത . കൂടിയ താപനില 34°C വരെയും കുറഞ്ഞ താപനില 26°C വരെയും പ്രതീക്ഷിക്കുന്നു

**പൊതു നിർദ്ദേശങ്ങൾ**: രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം ഒഴിവാക്കുന്നതിനായി കാലവർഷത്തിനു മുൻപ് തന്നെ കളകളും ഉണങ്ങിയതും രോഗം ബാധിച്ചതുമായ ചെടികളും കൃഷിയിടങ്ങളിൽ നിന്നും നീക്കം ചെയ്തു വൃത്തിയായി സൂക്ഷിക്കുക.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **തെങ്ങ്** | നടീൽ രീതികൾ | വിത്ത് വഴിയാണ് തെങ്ങിന്റെ പ്രജനനം മേയ് -ജൂൺ മാസങ്ങൾ ആണ് നടീലിനു അനുയോജ്യമായ സമയം .താഴ്ന്ന പ്രദേശങ്ങളിൽ മൺസൂണിന്റെ ശക്തികുറഞ്ഞ സെപ്റ്റംബർ മാസങ്ങളിൽ നടീൽ നടത്താവുന്നതാണ് .<br><br>20 വർഷത്തോളം പ്രായമുള്ളതും വർഷത്തിൽ 80 കായ്കൾ പതിവായി ലഭിക്കുന്നതുമായ മാതൃസസ്യങ്ങളിൽ നിന്നാണ് വിത്ത് തേങ്ങ ശേഖരിക്കേണ്ടത് .<br><br>9 -12 മാസം വരെ പ്രായമെത്തിയ തൈകൾ നടീലിനു തിരഞ്ഞെടുക്കാവുന്നതാണ് .ഇവക്കു 6 മുതൽ 8 ഇലകൾ ഉണ്ടാകണം .10 മുതൽ 12 സെ .മീ വരെ കടക്കു വ്യാസം ഉണ്ടാകണം .ഇലകൾ ഒറ്റക്കൊറ്റക്കായി വരുന്നതും എളുപ്പം കായ്ക്കും എന്നതിന്റെ സൂചന ആണ് .<br><br>1 *1 *1 മീറ്റർ വലിപ്പമുള്ള കുഴിയാണ് തെങ്ങിൻ തൈ നാടാൻ എടുക്കേണ്ടത് .ഭൂനിരപ്പിൽ നിന്നും 60 സെ .മീ താഴെവരെ മേൽമണ്ണ് കൊണ്ട് കുഴിനികത്തണം .<br><br>ചെമ്മണ്ണ് നിറഞ്ഞ പ്രദേശത്തു കുഴിയൊന്നിന് 2 കിലോ കറിയുപ്പ് ചേർക്കുന്നത് മണ്ണിന്റെ ഗുണമേന്മ |

| | | |
|---|---|---|
| | | വർധിപ്പിക്കാൻ സഹായിക്കും .നടുന്നതിനു 6 മാസം മുൻപ് കറിയുപ്പ് ചേർക്കണം<br><br>ജൈവവളം 25 കിലോ തെങ്ങൊന്നിന് എന്ന ക്രമത്തിൽ നടീൽ സമയത്തു ചേർക്കണം<br><br>താഴ്ന്ന പ്രദേശങ്ങളിൽ ചെറിയ കുഴികൾ എടുത്ത് തൈ വളരുന്നതിനനുസരിച്ചു പൂഴിയും മണ്ണും ഇട്ട് തൈയുടെ കട നികത്തി ഭൂനിരപ്പു ഉയർത്തികൊണ്ടുവരണം .<br><br>രണ്ടുവരി ചകിരി കുഴിയിൽ നിരത്തുന്നത് ഈർപ്പം നിലനിർത്താൻ സഹായിക്കും .ചകിരി തൊണ്ടിന്റെ വളഞ്ഞു കുഴിഞ്ഞ ഭാഗം കമഴ്ത്തിയാണ് വെക്കേണ്ടത് .<br><br>നടീൽ രീതി അനുസരിച്ചു തെങ്ങുകൾ തമ്മിലുള്ള അകലം 7 .5 മീറ്റർ മുതൽ 9 മീറ്റർ വരെ ക്രമീകരിക്കാം ഒരു ഏക്കറിൽ ഏകദേശം 70 തെങ്ങുകൾ നിലനിർത്താവുന്നതാണ് |
| നിലക്കടല | നടീൽ രീതികൾ | വിത്തു വഴിയാണ് നിലക്കടലയുടെ പ്രജനനം .പൂർണ്ണവിളക്ക് 40 കിലോ ഒരേക്കറിന് എന്ന തോതിലും ഇടവിളകൾക്കു 16 കിലോ ഒരു ഏക്കറിന് എന്ന തോതിലും വിത്ത് വേണ്ടിവരും .മഴക്കാലവിളക്ക് മേയ് -ജൂൺ മാസമാണ് ഉത്തമം.<br><br>വിത്തിനായുള്ള നിലക്കടലയുടെ തോട് കൈകൊണ്ട് തന്നെ വിതയ്ക്കു ഒരാഴ്ച മുമ്പ് പൊട്ടിച്ചെടുക്കണം .കൈകൊണ്ടു പൊട്ടിചെടുക്കുമ്പോൾ കുരുവിനു അധികം പരിക്ക് പറ്റുകയില്ല .ചുളുങ്ങിയതും തീരെച്ചെറുത്തും രോഗബാധഏറ്റതും ആയ കുരുക്കൾ ഒഴിവാക്കണം .<br><br>റൈസോബിയം മിശ്രിതം വിത്തിൽ കലർത്തുന്നത് വിളവ് വർദ്ധിപ്പിക്കും .ഒരു ഏക്കറിന് 200 ഗ്രാം റൈസോബിയം മതിയാകും .റൈസോബിയം വിത്തിൽ ചേർക്കുന്നതിന് കഞ്ഞി വെള്ളം ഉപയോഗിക്കാം .കൃഷിയിടം നല്ലവണ്ണം ഉഴുത് നിലമൊരുക്കണം .ആഴത്തിൽ ഉഴുതുന്നത് ഒഴിവാക്കണം .കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് 1 മുതൽ 3 കിലോ ഒരു സെന്റിന് എന്ന തോതിൽ മണ്ണിന്റെ അമ്ലാംശത്തിനനുസരിച് ചേർത്തുകൊടുക്കാവുന്നതാണ് .അതിനുശേഷം ഒരു സെന്റിന് 80 കിലോ എന്ന അളവിൽ ജൈവളം ചേർക്കണം .ഉഴവുചാലിൽ 15 *15 സെ .മി അകലത്തിൽ നിലകടലകുരുക്കൾ പാകണം .നടീൽ സമയത്തു അടിവളം ചേർത്തു കൊടുക്കണം |
| കരുമുളക് | ദ്രുതവാട്ടം | ദ്രുതവാട്ടം തടയുന്നതിനായി ചാണകവും വേപ്പിൻ പിണ്ണാക്കും ചേർന്ന മിശ്രിതത്തിൽ വളർത്തിയെടുത്ത ട്രൈക്കോഡർമ ഒരു മൂടിന് 5 kg എന്ന കണക്കിൽ തടത്തിൽ ഇട്ടു കൊടുക്കുക |
| വെള്ളരിവർഗ്ഗ വിളകൾ | കായീച്ച | വെള്ളരിവർഗ്ഗ വിളകളിലെ കായീച്ചകളെ നിയന്ത്രിക്കാൻ ക്യൂലൂർ ഫിറമോൺ കെണി 15 സെന്റിന് ഒന്ന് എന്ന കണക്കിൽ വച്ച് കൊടുക്കുക. |